കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- വികസന ഫണ്ടിൽ നിന്നും കെ. എസ്.ഐ. ഡി.സി ക്ക് ലീസ് തുക നൽകുന്നതിനു പനങ്ങാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 1012/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 31-3-2012.

---

**പരാമർശം :-**

1. പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 5-3-2012 -ലെ 19/11 (3) നമ്പർ തീരുമാനം.
2. പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12-3-12 ലെ കത്ത്
3. പനങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20-3-2012-ലെ A2-2/Pro-20/12 നമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2011-12 സാമ്പത്തിക വർഷത്തെ 20/11-12 (N) നമ്പർ- 'കിനാലൂർ വനിത മിനി ഇൻഡസ്ട്രിയൽ കെട്ടിടം' എന്ന പ്രൊജക്ടിനാവശ്യമായ ഭൂമിയുടെ ലീസ് തുകയും സർവീസ് ടാക്സും വികസന ഫണ്ടിൽ നിന്നും കെ. എസ്.ഐ. ഡി.സി ക്ക് നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2), (3) പ്രകാരം സർക്കാരിൽ അനുമതിയ്ക്ക് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2011-12 സാമ്പത്തിക വർഷത്തിലെ 20/11-12 (N) നമ്പർ- 'കിനാലൂർ വനിത മിനി ഇൻഡസ്ട്രിയൽ കെട്ടിടം' എന്ന പ്രൊജക്ടിനാവശ്യമായ ഭൂമിയുടെ 90 വർഷത്തെ ലീസ് തുക-1900000 (പത്തൊൻപത് ലക്ഷം ) രൂപയും ആയതിന്റെ 10.3 % സർവീസ് ടാക്സായ 195700 (ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ് ) രൂപയുമുൾപ്പെടെ 20,95,700/ (ഇരുപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്) രൂപ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും കെ. എസ്.ഐ. ഡി.സി ക്ക് നൽകുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

**To**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനാൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, തിരുവനന്തപുരം
സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.